01
ഫെബ്രുവരി
2020

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

ജംഗിൾ ന്യൂസ്

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

# കുരങ്ങു രസായനം നിരോധിക്കണം



**ന്യൂജംഗ്ൾ:** പാവങ്ങളായ കുരങ്ങുകളെ പിടിച്ചു കൊണ്ടുപോയി രസായനം വെക്കുന്ന പരിപാടി അവസാനിപ്പിക്കണമെന്ന് കുരങ്ങുയൂണിയൻ പ്രസിഡന്റ് മിബ്രു പറഞ്ഞു. ഒരുപാട് അസുഖങ്ങൾക്ക് ഫലപ്രദമാണ് എന്നും പറഞ്ഞ് എല്ലാ ഹോസ്പിറ്റലുകളിലും അത് വിൽക്കുന്നുണ്ട്. ഡോക്ടർമാർ അത് നിർദേശിക്കുകയും ചെയ്യുന്നുണ്ട്. ഹാർട്ടറ്റാക്കിന് വരെ ഈ മരുന്ന് കഴിക്കാം എന്നാണ് പ്രചരിപ്പിക്കുന്നത്. അതൊന്നും ശരിയല്ല. അത് കഴിച്ചാൽ ഒരു അസുഖവും മാറില്ല. എല്ലാവരുടെയും അസുഖം മാറ്റുന്ന മരുന്ന്, ഞങ്ങളുടെ ജീവനെടുത്താണ് ഉണ്ടാക്കുന്നതെന്ന് ആരും മറക്കരുത്. നിങ്ങൾക്ക് ജീവിക്കാൻ വേണ്ടി ഞങ്ങളെ കൊല്ലുന്നത് എങ്ങനെ നീതിയാകും? അതുകൊണ്ട് ഉടൻ തന്നെ നമ്മുടെ കാട്ടിൽ ആ മരുന്ന് നിരോധിക്കണം എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അത് നിരോധിക്കുന്നതു വരെ വലിയ പോരാട്ടവും പ്രക്ഷോഭവും തുടങ്ങാനാണ് പരിപാടിയെന്നും മിബ്രു പറഞ്ഞു.

## മരുന്നിന് പിന്നിൽ ഗൂഢാലോചനയുണ്ട്



**മുതലക്കുളം:** കുരങ്ങു രസായനം മരുന്നിന് പിന്നിൽ വലിയൊരു ഗൂഢാലോചന നടന്നിട്ടുണ്ടെന്ന് പ്രശസ്ത ബുജി കങ്കൻ കഴുത. പണ്ട് ഒരു കുരങ്ങൻ ഹൃദയം തരാം എന്നും പറഞ്ഞ് മുതലയെ പറ്റിച്ചിട്ടുണ്ട്. അതിന് പ്രതികാരമായി ആ മുതല ഒരു കുരങ്ങനെ പിടിക്കുകയും കൊല്ലുകയും ചെയ്ത ശേഷം രസായനം ഉണ്ടാക്കി അത് മരുന്നാണെന്നും മറ്റും പ്രചരിപ്പിക്കുകയായിരുന്നു. തന്നെ പറ്റിച്ച കുരങ്ങനെയും കുടുംബത്തെയുമെല്ലാം ഇല്ലാതാക്കുകയായിരുന്നു മുതലയുടെ ലക്ഷ്യം. അങ്ങനെയാണ് ഈ മരുന്നിന്റെ തുടക്കം എന്നാണ് കങ്കൻ കഴുത പറയുന്നത്.

---

## ഷൈൻ ഓന്തിനെ ഇനി അഭിനയിപ്പിക്കില്ല

**ഓന്തനാട്:** ഇടക്കിടെ നിറം മാറി ലൊക്കേഷനിൽ വരുന്ന ഷൈൻ ഓന്തിനെ ഇനി ഒരു സിനിമയിലും അഭിനയിപ്പിക്കില്ലെന്ന് പ്രൊഡ്യൂസേർന്ന് അസോസിയേഷൻ. ഷൈൻ പച്ച നിറത്തിൽ അഭിനയിച്ച ശേഷം പിന്നീട് കാരവനിലേക്ക് പോവുകയും പിന്നെ ചോപ്പ് നിറത്തിൽ വരുകയും ചെയ്യും.

വീണ്ടും പച്ച നിറമായാലല്ലേ ഷൂട്ട് തുടരാൻ പറ്റൂ.. പച്ച നിറമാകാൻ പിന്നെയും മണിക്കൂറുകളോളം കാത്തിരിക്കണം. അങ്ങനെ ഷൂട്ട് നീണ്ടു പോവുകയാണ്. ഞങ്ങൾക്ക് കുറേ നഷ്ടം പറ്റി. ഇത്തരം കാര്യങ്ങൾ അനുവദിച്ച് കൊടുക്കാൻ കഴിയുകയില്ല.

അതിനാൽ ഞങ്ങൾ വിലക്കാൻ പോവുകയാണെന്നും അസോസിയേഷൻ പറഞ്ഞു.



## അവർ പറയുന്നത് പച്ചക്കള്ളം -ഷൈൻ

**കാക്കനാട്:** പ്രൊഡ്യൂസർമാർ പറയുന്നത് കള്ളമാണെന്നും ലൊക്കേഷനിൽ വെച്ച് അവർ മോശമായാണ് തന്നോട് പെരുമാറുന്നതെന്നും സങ്കടം സഹിക്കവെയ്യാതെയാണ് കാരവനിൽ താൻ പോയതെന്നും ഷൈൻഓന്ത് പറഞ്ഞു. ഞാനുമൊരു മൃഗമല്ലേ.. എത്രയെന്ന് വെച്ചാണ് ക്ഷമിക്കുക. ഒരുപാട് ഞാൻ ക്ഷമിച്ചു. അവരുടെ കൈയിൽ കാശുണ്ടെന്ന് കരുതി എത്ര മോശമായാണ് അവർ പെരുമാറുന്നത്! അപ്പം ചുടുന്നത് പോലെ അഭിനയം വരില്ലല്ലോ. അതിന് നമ്മുടെ മൈന്റ് ക്ലിയർ ആകണ്ടേ. ഇതൊന്നും പറഞ്ഞാൽ മനസ്സിലാകാത്ത, കാശിനോട് മാത്രം ആർത്തിയുള്ളവരാണ് അവർ. വിലക്കിനെ കാര്യമാക്കുന്നില്ലെന്നും, എന്റെ സംഘടനയായ 'ആനമ്മ'യിൽ കാര്യം അവതരിപ്പിക്കുമെന്നും ഷൈൻ പറഞ്ഞു.